നമ്പർ.എൻ.ഇ.പി.(3)53537/2011

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം

തീയതി: 15.09.2011

# സർക്കുലർ

വിഷയം:- **പൊതുവിദ്യാഭ്യാസം - 'സമ്പൂർണ' (ഓൺലൈൻ മാനേജ്മെന്റ് സിസ്റ്റം) വിവരങ്ങൾ ശേഖരിക്കുന്നതു സംബന്ധിച്ച നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന- പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 18.08.2011-ലെ NEP(3)/53537/2011 നമ്പർ സർക്കുലർ

സംസ്ഥാനത്തെ മുഴുവൻ വിദ്യാലയങ്ങൾക്കും പ്രയോജനപ്രദമായ 'സമ്പൂർണ' ഓൺലൈൻ സ്കൂൾ മാനേജ്മെന്റ് സിസ്റ്റം - പദ്ധതി നടപ്പിലാക്കുന്നതിന് സൂചനപ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള വിവരശേഖരണ ഫോറം ശേഖരിക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ വിദ്യാഭ്യാസ ഉപഡയറക്ടറുടെ നേതൃത്വത്തിൽ പൂർത്തീകരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഒരുക്കുന്നതിന് നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. അതത് വിദ്യാലയങ്ങളിലെ എല്ലാ വിദ്യാർത്ഥികളുടെയും വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തി വിവരശേഖരണ ഫോറം പ്രധാനാധ്യാപകർ ശേഖരിക്കേണ്ടതാണ്.
2. ഓരോ സ്കൂളിലെയും ഫോറങ്ങൾ ക്ലാസ്, ഡിവിഷൻ ക്രമത്തിൽ വേർതിരിച്ച് സ്കൂളിന്റെ ലേബലോടുകൂടി കെട്ടിവെയ്ക്കേണ്ടതാണ്.
3. പത്താംക്ലാസിലെ വിദ്യാർത്ഥികളുടെ ഫോമുകൾ സെപ്തംബർ 17-ന് മുമ്പ് അതത് ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ സ്കൂൾ ഹെഡ്മാസ്റ്റർ എത്തിക്കേണ്ടതാണ്.
4. എട്ട്, ഒൻപത് ക്ലാസിലെ ഫോമുകൾ സെപ്തംബർ 24-നകം ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ എത്തിച്ചാൽ മതി.
5. ഏതെങ്കിലും സാങ്കേതിക കാരണങ്ങളാൽ സ്കൂളുകൾക്ക് ടി തീയതിക്കകം വിവരശേഖരണം പൂർത്തിയാക്കാൻ സാധിക്കാതെ വന്നാൽ വിദ്യാഭ്യാസ ഉപഡയറക്ടറുടെ അനുവാദത്തോടുകൂടി ഒന്നോ രണ്ടോ ദിവസം കൂടി നീട്ടി വാങ്ങി പ്രവർത്തനങ്ങൾ പൂർത്തിയാക്കേണ്ടതാണ്.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐടി@സ്കൂൾ പ്രോജക്ട്
എല്ലാ ഡി.ഡി.ഇ/ഡി.ഇ.ഒ.മാർക്കും
സെക്രട്ടറി, പരീക്ഷാഭവൻ
എല്ലാ ഐടി@സ്കൂൾ ജില്ലാ കോർഡിനേറ്റർമാർക്കും
എല്ലാ പ്രഥമാധ്യാപകർക്കും.